# നാളികേര ബോർഡിന്റെ നീര വിപണിയിൽ

കൊച്ചി: നാളികേര വികസന ബോർഡ് വികസിപ്പിച്ച നീര വിപണിയിലെത്തി. ബോർഡ് സ്വന്തം ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുന്ന നീര 200 മില്ലി ലിറ്റർ കുപ്പികളിൽ ലഭ്യമാണ്. മുൻ അഡിഷണൽ ചീഫ് സെക്രട്ടറി (തമിഴ്നാട്) പി. സി. സിറിയക് എറണാകുളം റസിഡന്റ്സ് അസോസിയേഷൻ അപ്പെക്സ് കൗൺസിൽ മുൻ പ്രസിഡന്റ് എസ്. ബാലകൃഷ്ണന് നൽകി നീരയുടെ വിപണനോദ്ഘാടനം നിർവഹിച്ചു. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, എസ്.ആർ.വി. ഹൈസ്കൂൾ പ്രിൻസിപ്പൽ ജിജോ ജോൺ എന്നിവർ പങ്കെടുത്തു. ബോർഡ് ആസ്ഥാനത്തെ സി.ഡി.ബി നാഫെഡ് സ്റ്റോളിൽ നീര ലഭ്യമാണ്.